# മൗദൂദിയുടെ 'ഉടമാവകാശ'വും ഗനൂശിയുടെ പ്രതികരണവും

അബ്ദുല്ലത്വീഫ് കൊടുവള്ളി

**ശൈഖ്** റാശിദുൽ ഗനൂശിയുടെ 'പരാജയപ്പെട്ട പരീക്ഷണങ്ങൾ' എന്ന പ്രഭാഷണത്തിലെ(ലക്കം: 43) മൗദൂദിയെക്കുറിച്ച പരാമർശമാണ് ഈ കുറിപ്പിന്നാധാരം.

'മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ *ഉടമാവകാശം* എന്ന കൃതി ഈയിടെ വായിക്കാനിടയായപ്പോൾ അതെന്നെ അത്രയൊന്നും ആകർഷിച്ചില്ല. ജന്മിത്തം കൊടികുത്തിവാഴുന്ന, ഭൂസ്വത്തിന്റെ ബഹുഭൂരിഭാഗവും ഭൂപ്രഭുക്കൾ കൈയടക്കിയിരിക്കുന്ന പാകിസ്താൻ പോലെയുള്ള ഒരു നാട്ടിൽ ഉടമാവകാശത്തെക്കുറിച്ച കേവലാശയങ്ങൾക്ക് എങ്ങനെയാണ് ജനകീയാംഗീകാരം ലഭിക്കുക? ഭൂമിയുടെ നീതിപൂർവകമായ പുനർവിതരണത്തെക്കുറിച്ചാണ് അത്തരം സന്ദർഭങ്ങളിൽ എഴുതേണ്ടത്. പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾ മുമ്പിൽ വെച്ചേ ഉടമാവകാശം പോലുള്ള ഒരു വിഷയം ചർച്ച ചെയ്യാനാവൂ. കേവല വൈജ്ഞാനിക വിഷയമായി അതിനെ കാണാൻ കഴിയില്ല....... സമ്പത്ത് ഏതാനും കുടുംബങ്ങൾ കൈയടക്കി വെക്കുക, ബാക്കിയുള്ളവർ അവരുടെ കൂലിക്കാരായി ജീവിക്കുക - ഈ സ്ഥിതിവിശേഷം തിരുത്താനും ഉടമാവകാശം എല്ലാവർക്കും ലഭ്യമാക്കാനുമാണ് ഇസ്‌ലാമിക പ്രസ്ഥാനം ശ്രമിക്കേണ്ടത്.'

ഗനൂശിയുടെ മേൽവാചകങ്ങൾ, മൗദൂദിയുടെ *ഉടമാവകാശം* എന്ന കൃതിയുടെ രചനാ പശ്ചാത്തലമറിയാത്ത വായനക്കാരിൽ തെറ്റുധാരണയുണ്ടാക്കാനിടയുണ്ട്.

പ്രസ്തുത പുസ്തകത്തിന്റെ അറബി പതിപ്പ് 1957-ലാണ് പ്രസിദ്ധീകൃതമായത്; രണ്ടാം പതിപ്പ് 1969-ലും. രണ്ടാം പതിപ്പിൽ ശ്രദ്ധേയവും മുഖ്യവുമായ മാറ്റങ്ങൾ വരുത്തിയിരുന്നു. ഗനൂശി വായിച്ചത് ഒന്നാം പതിപ്പാണോ എന്ന് സംശയിക്കണം.

മുഹമ്മദ് ആസ്വിമുൽ ഹദ്ദാദ് ഉർദുവിൽനിന്ന് അറബിയിലേക്ക് വിവർത്തനം ചെയ്ത കൃതിയുടെ ഒന്നാം പതിപ്പ് ദമസ്കസിലും രണ്ടാം പതിപ്പ് 1969-ൽ ദാറുൽ ഖലം കുവൈത്തുമാണ് പ്രസിദ്ധീകരിച്ചത്.

*അർറഹ്മാൻ* 10-ാം സൂക്തമായ 'ഭൂമിയെ അവൻ സൃഷ്ടികൾക്കായി സംവിധാനിച്ചു' എന്നതിനെ ആധാരമാക്കി ഇന്ത്യയിലെ ഒരു എഴുത്തുകാരൻ, (ആരെന്ന് പുസ്തകത്തിലില്ല) ഇസ്‌ലാം സ്വകാര്യ ഉടമാവകാശം അനുവദിക്കുന്നില്ല എന്ന് ശക്തമായി വാദിക്കുകയുണ്ടായി. അനന്തരാവകാശ സംബന്ധമായ ഖുർആനിക വാക്യങ്ങൾ വ്യക്തി ഉടമാവകാശത്തെക്കുറിച്ചല്ല, സർക്കാറിന്റെ പൊതു ഉടമാവകാശത്തെയാണ് സ്ഥാപിക്കുന്നതെന്ന് അദ്ദേഹം വാദിച്ചു. 'ഖുർആൻ വ്യക്തികൾക്ക് ഉടമാവകാശം നൽകിയിട്ടില്ല; അത് ഉപയോഗിക്കാനേ അനുവദിച്ചിട്ടുള്ളൂ' (*മസ്അലത്തു മിൽകിയ്യത്തിൽ അർദ് ഫിൽ ഇസ്‌ലാം,* പേജ് 9,10). 'ഭൂമിയുടെ വ്യക്തി ഉടമാവകാശം ഇസ്‌ലാം അനുവദിക്കുന്നുണ്ടെന്ന് ഖുർആൻ കൊണ്ട് തെളിയിക്കുക സാധ്യമല്ല. സാധിക്കുമെങ്കിൽ അത് തെളിയിക്കാൻ ഖുർആനിലെ ഒരു സൂക്തമെങ്കിലും ഉദ്ധരിക്കുക' (പേജ് 12). ഈ വെല്ലുവിളിയെ തന്റെ സ്വതസിദ്ധശൈലിയിൽ, പ്രമാണങ്ങളും ബുദ്ധിയും യുക്തിയും ഉപയോഗിച്ച് ഇസ്‌ലാമിന്റെ സാമ്പത്തിക ചരിത്രത്തിന്റെ വെളിച്ചത്തിൽ നേരിടുകയാണ് ചെയ്തത്. 'ഞങ്ങൾ പ്രവാചക സമൂഹം അനന്തരമെടുക്കപ്പെടുകയില്ല, ഞങ്ങൾ വിട്ടേച്ചു പോകുന്നത് സ്വദഖയായാണ് പരിഗണിക്കപ്പെടുക' (ബുഖാരി) എന്ന നബിവചനം, പ്രവാചകന്മാരൊക്കെയും കമ്യൂണിസ്റ്റുകളായിരുന്നു എന്നാണ് തെളിയിക്കുന്നത് എന്നുവരെ വാദിക്കപ്പെട്ട പശ്ചാത്തലത്തിലാണ്, സ്വകാര്യ ഉടമാവകാശം സ്ഥാപിച്ചുകൊണ്ട് മൗദൂദി തൂലിക ചലിപ്പിച്ചത്. ഭൂ ഉടമസ്ഥതയുടെ സാമൂഹികമാനം ആ സാഹചര്യത്തിൽ പ്രധാനമായിരുന്നില്ലെന്നർഥം.

നിലവിലെ ഭൂ ഉടമാവകാശ രീതികളിൽ അഹിതകരമായ പലതുമുണ്ട്. അവയുടെ പരിഹാരം തികച്ചും ഇസ്‌ലാമിക അടിത്തറകളിൽതന്നെ വേണമെന്ന് മൗദൂദിക്ക് നിർബന്ധമായിരുന്നു. അദ്ദേഹം എഴുതുന്നു:

'നിലവിലെ ഭൂ-കാർഷിക വ്യവസ്ഥകൾ അക്രമപരവും ദുഷ്ടവുമായ അടിത്തറകളിലാണ് നിലകൊള്ളുന്നത്. നമ്മുടെ നാട്ടിൽ നടപ്പുള്ള ഭൂ ഉടമാവകാശവും ഫ്യൂഡൽ വ്യവസ്ഥയും ധാരാളം തിന്മകൾ നിറഞ്ഞതാണ്. നമ്മുടെ സാമ്പത്തിക-സാമൂഹിക ജീവിതത്തെ അത് സ്വാധീനിക്കുന്നുണ്ട്. ഈ രംഗത്ത് ശക്തമായ പരിഷ്കാരങ്ങൾ ആവശ്യം തന്നെയാണ്. ഈ ദൂഷ്യങ്ങൾ നീക്കം ചെയ്യപ്പെടേണ്ടതാണെന്ന കാര്യത്തിൽ നമുക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷേ, പരിഷ്കരണത്തിനുവേണ്ടി രാപകൽ ഒച്ചവെക്കുന്നയാളുകൾ ആദ്യമായി തങ്ങളുടെ മനസ്സുകളിൽനിന്ന് ദുഷിപ്പുകൾ നീക്കം ചെയ്യണം. പുറമെയുള്ള ദുഷിപ്പുകൾ നീക്കം ചെയ്യുന്നത് പിന്നീടാകാം. വളഞ്ഞ ബുദ്ധിയും പിഴച്ച ചിന്തകളുമായി പരിഷ്കരണങ്ങൾക്കു ശ്രമിച്ചാൽ പഴയ തിന്മകൾക്കു പകരം പുതിയ തിന്മകൾ ഉടലെടുക്കുകയേ ഉള്ളൂ. പരിഷ്കരണവാദം ഉന്നയിക്കുന്നവർ ഏത് ദീനിനെ ആധാരമാക്കിയാണ് രംഗത്ത് വരുന്നത്? - ഇസ്‌ലാമിനെയോ മറ്റു വല്ലതിനെയുമോ?' (പേജ് 87).

'വർത്തമാനകാല ദൂഷ്യങ്ങൾ പരിഹരിച്ച്, നൂതനവും സുബദ്ധവുമായ വ്യവസ്ഥ സ്ഥാപിക്കാൻ, നമുക്ക് നന്നായിത്തോന്നുന്ന പുത്തൻ സിദ്ധാന്തങ്ങളെ

യാണ് നാം കൂട്ടുപിടിക്കുന്നതെങ്കിൽ, അത്തരം പ്രവർത്തനങ്ങളെ ഇസ്‌ലാമുമായി ബന്ധപ്പെടുത്തുന്നത് നീതിയാവില്ല. അതേസമയം, ഇസ്‌ലാമിക മാർഗദർശനത്തിന്റെ ബലത്തിലാണ് നാം പരിഷ്കരണത്തിനു തുനിയുന്നതെങ്കിൽ, അതിന്റെ നിർമാണം പൂർണമായും ഇസ്‌ലാമിക പരിധികളിൽ നിന്നുകൊണ്ടായിരിക്കണം' (പേജ് 90).

'ദേശസാൽക്കരണം, സമത്വം, വ്യക്തി ഉടമാവകാശ നിഷേധം, പ്രമാണബദ്ധമല്ലാത്തതും ദേഹേഛക്കനുസൃതവുമായ ഭൂപരിധിനിർണയം മുതലായവ ഇസ്‌ലാമിക പരിഷ്കരണങ്ങൾക്കു നിദാനമായിക്കൂടാത്തതാണ് - സമ്പദ് വിതരണത്തിൽ സമത്വം പാലിക്കണമെന്നത് സ്വപ്നം മാത്രമാണ്, നീതിപൂർവകമായ വിതരണമാണ് നടക്കേണ്ടത് - വ്യക്തികളുടെ കൈവശം എത്രയും അനുവദനീയ ധനം ഉണ്ടാകാവുന്നതാണ്. അല്ലാഹുവിനും ജനങ്ങൾക്കും അവകാശപ്പെട്ടത് കൊടുത്തിരിക്കണമെന്നുമാത്രം. നേരായ സമ്പാദ്യം, നേരായ വിനിയോഗം' (പേജ് 95).

'സ്ഥിതിസാഹചര്യങ്ങളുടെ സമ്മർദത്തിന്റെ തോതനുസരിച്ച് സമയബന്ധിതമായ നിയന്ത്രണങ്ങളാകാവുന്നതാണ്. അത് പക്ഷേ, ഇസ്‌ലാമിക നിയമത്തിൽ ശാശ്വത മാറ്റങ്ങൾ വരുത്തിക്കൊണ്ടാവരുത്. നിലവിലെ ഭൂവ്യവസ്ഥയിലെ ദൂഷ്യങ്ങൾ ഇസ്‌ലാമിക തത്ത്വങ്ങൾക്കനുസൃതമായി പരിഷ്കരിക്കാനും ഇസ്‌ലാമിക മാനദണ്ഡമനുസരിച്ചുള്ള നീതി സ്ഥാപിതമാവാനും എന്തുമാർഗങ്ങൾ സ്വീകരിക്കണമെന്ന് നമുക്ക് പരിശോധിച്ചു നോക്കാവുന്നതാണ്' (പേജ് 96).

## ഫ്യൂഡൽ പ്രഭുത്വവും മൗദൂദിയും

'ചില കുടുംബങ്ങൾ തലമുറകളായി ആയിരക്കണക്കിനു ഹെക്ടർ ഭൂമി കൈവശം വെച്ചു പോരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് അധിനിവേശാനന്തരം യഥാർഥ ഉടമകളിൽനിന്ന് പിടിച്ചുവാങ്ങി തങ്ങളുടെ ഏജന്റുമാർക്ക് പതിച്ചു കൊടുത്തവയാണ് ഇവയിൽ പലതും. ബ്രിട്ടീഷ് കാലഘട്ടത്തിനുമുമ്പ് പല കാലങ്ങളിലായി നിയമാനുസൃതമായും അല്ലാതെയും വന്നു ചേർന്നവയുമുണ്ട്. മറ്റുചിലവ, ഉടമസ്ഥർ വിലയ്ക്കുവാങ്ങിയവയാണ്. നൂറ്റാണ്ടുകളായി ഗോത്രമുഖ്യന്മാർ കൈയടക്കി വെച്ചവയും കൂട്ടത്തിലുണ്ട്. ഇവയുടെ നിജസ്ഥിതി കണ്ടെത്താൻ പ്രയാസമാണ്. രാജ്യത്തെ സാമ്പത്തിക വ്യവസ്ഥയുടെ സന്തുലനാവസ്ഥ വഷളാംവിധം താറുമാറാക്കുന്ന തരത്തിൽ ചില കുടുംബങ്ങൾ കൈയടക്കിവെച്ചിരിക്കുന്ന ഹെക്ടറുകണക്കിനു ഭൂസ്വത്തുക്കൾ നിയമാനുസൃതം സമ്പാദിച്ചതാണെന്നു കരുതാൻ ന്യായമില്ല. ഈ സാഹചര്യത്തിൽ, ഒരു സമയബന്ധിത പരിഹാരം എന്ന നിലയിൽ കൈവശം വെക്കാവുന്ന കൃഷിഭൂമിക്ക് പരിധി നിശ്ചയിക്കാവുന്നതാണ്. പരിധിക്കപ്പുറമുള്ള ഭൂമി ന്യായമായ നിരക്കിൽ ഉടമസ്ഥരിൽനിന്ന് വാങ്ങി, ഭൂമിയില്ലാത്ത കർഷകർക്ക് ന്യായമായ നിരക്കിൽ വിൽക്കാവുന്നതാണ്. പക്ഷേ, ഈ പരിധി നിർണയം ശാശ്വതമാകരുത്. വലിയൊരു കൂട്ടം ശരീഅത്ത് നിയമങ്ങളും അടിസ്ഥാനങ്ങളും ഭേദഗതി ചെയ്തുകൊണ്ടേ അത് സാധ്യമാകൂ. മറ്റൊരുവിധം പറഞ്ഞാൽ, രാജ്യത്തെ നിയമം ഇസ്‌ലാമിന്റെ വെളിച്ചത്തിൽ ക്രോഡീകരിക്കപ്പെടുകയും ക്രിയാത്മകമായി നടപ്പിലാക്കപ്പെടുകയുമാണെങ്കിൽ, സ്വകാര്യ ഉടമാവകാശത്തിന് പരിധി നിശ്ചയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൂഷ്യങ്ങൾ ഉണ്ടാവുകയില്ല' (പേജ് 96,97).

ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന് വളം വെക്കുന്ന രീതിയിൽനിന്ന് കാർഷിക വൃത്തിയെ മോചിപ്പിക്കണമെന്ന് മൗദൂദി നിരീക്ഷിക്കുകയുണ്ടായി: 'തൊഴിൽ എന്ന നിലയിൽ, 'കർഷകത്തൊഴിലാളികൾ' എന്ന ഒരു വർഗത്തെ സ്ഥായിയായി നിലനിർത്തുന്ന നിയമങ്ങൾ എടുത്തുകളയേണ്ടതാണ്. ഇതര തൊഴിലുകളെപോലെ കാർഷിക വൃത്തിയുടെ വാതിലുകളും എല്ലാവരുടെയും മുന്നിൽ തുറന്നുകിടക്കണം. ജനങ്ങളെ മുഴുവൻ അടിമകളാക്കും വിധം, തന്റെ സംരക്ഷണയിൽ കഴിയുന്ന ഹീനന്മാരാക്കും വിധം ഭൂവുടമകൾക്കുള്ള സ്വാതന്ത്ര്യങ്ങൾ എടുത്തുകളയേണ്ടതാണ്' (പേജ് 98).

'ഭൂ ഉടമകളും കൃഷിഭൂമി ഇല്ലാത്ത കർഷകരും തമ്മിലുള്ള ബന്ധം നീതിപൂർവകവും സാധുവായ അടിത്തറയിലുള്ളതുമാകണം. പാട്ട വ്യവസ്ഥ പ്രകാരമുള്ള ബന്ധമാണ് നിലവിലുള്ളതെങ്കിൽ ലളിതമായ പങ്കാളിത്ത തത്ത്വമനുസരിച്ചായിരിക്കണം. ഭൂമിയിൽ നിന്നുള്ള വരുമാനം കുറച്ചാകട്ടെ, കൂടുതലാവട്ടെ, പാട്ടക്കൃഷി വ്യവസ്ഥ പ്രകാരം വീതിച്ചെടുക്കപ്പെടണം. പണംകൊടുത്ത് കൃഷിചെയ്യിക്കുകയോ, കൂലിക്ക് ജോലി ചെയ്യിക്കുകയോ ആണെങ്കിൽ രണ്ടു കക്ഷികളും തമ്മിൽ ഉടമ, തൊഴിലാളി, തൊഴിൽ ദായകൻ, കൂലിപ്പണിക്കാരൻ എന്നീ നിലകളിൽ വ്യവസ്ഥകൾ നടപ്പിലാക്കണം. ബാധ്യതകളും അവകാശങ്ങളും നിർണയിച്ചിരിക്കണം. അതേപോലെ, ഭൂവുടമകൾ പാട്ടത്തിനുകൊടുത്ത ഭൂമിയിൽനിന്ന് നിശ്ചിത വരുമാനമല്ലാതെ, കർഷകരിൽനിന്ന് വ്യക്തിപരമായ സേവനങ്ങളോ ധാന്യങ്ങളോ ആവശ്യപ്പെടാവതല്ല' (പേജ് 99).

'ഭൂസ്വത്തു സംബന്ധമായി നടക്കേണ്ടുന്ന പരിഷ്കരണങ്ങളുടെ ഒരു സംക്ഷിപ്ത രേഖയാണിത്. ഈ വിഷയകമായി നടപ്പിലാക്കാവുന്ന എല്ലാ ആസൂത്രണങ്ങളും പദ്ധതികളും സംരംഭങ്ങളും ഇതിൽ കൈകാര്യം ചെയ്തിട്ടില്ല. അറിവും അനുഭവപരിചയവുമുള്ള ആളുകൾക്ക് ഈ വിഷയകമായി പ്രയോജനപ്രദമായ നിർദേശങ്ങൾ സമർപ്പിക്കാനുണ്ടാവും. ഞാൻ ഇവിടെ ചെയ്തത്, പലരും എഴുതിയതും നടപടികൾ എടുത്തിരിക്കുന്നതും പരിഷ്കരണത്തിന്റെ യഥാർഥ ലക്ഷ്യത്തോടെയല്ല എന്ന് സമർഥിക്കുകയാണ്. ഇസ്‌ലാമാണ് നമുക്ക് ശരിയായ ദിശ നിർണയിച്ചു തരേണ്ടത്' (പേജ് 101). ചുരുക്കത്തിൽ, ആദ്യം ഇസ്‌ലാമിനെ സംരക്ഷിച്ചാലേ ഭൂരഹിതരെ സംരക്ഷിക്കാനാവുകയുള്ളൂ എന്ന തിരിച്ചറിവാണ് മൗദൂദിയുടെ പുസ്തകത്തിന്റെ രചനാ പ്രസക്തി. ■